# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

09/08/2017 -ൽ മറുപടിയ്ക്ക്.

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 838

## നിലവാരം കുറഞ്ഞ പാലിന്റെ വിതരണം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.മുല്ലക്കര രത്നാകരൻ | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് ഗുണനിലവാരം കുറഞ്ഞ പാൽ വിതരണം ചെയ്യുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് സംബന്ധിച്ച് പരിശോധന നടത്തുന്നതിന് സർക്കാർ സംവിധാനം നിലവിലുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനായി ക്ഷീരവികസന വകുപ്പിന്റെ കീഴിൽ ക്വാളിറ്റി കൺട്രോൾ ഓഫീസറുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും മാർക്കറ്റിൽ നിന്ന് ശേഖരിക്കുന്ന പാൽ സാമ്പിളുകളുടെ ഗുണനിലവാരം പരിശോധിച്ചുവരുന്നുണ്ട്. ഇതിനായി ലബോറട്ടറികളും സജ്ജീകരിച്ചിട്ടുണ്ട്. ഇതു കൂടാതെ കാസർകോട്, പാലക്കാട്, കോട്ടയം എന്നീ ജില്ലകളിൽ മൂന്ന് റീജിയണൽ ലബോറട്ടറികളും പ്രവർത്തിച്ചുവരുന്നു. തിരുവനന്തപുരത്ത് ഡയറി ഡയറക്ടറേറ്റിനോടനുബന്ധിച്ച് എൻ.എ.ബി.എൽ(നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആന്റ് |

കാലിബ്രേഷൻ ലബോറട്ടറീസ്) അക്രഡിറ്റേഷനോടുകൂടിയ സ്റ്റേറ്റ് ഡെയറി ലാബും പ്രവർത്തിച്ചുവരുന്നു.

ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യസുരക്ഷാ കമ്മീഷണറുടെ നിയന്ത്രണത്തിൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന അനലിറ്റിക്കൽ ലാബുകളിൽ പാലും പാലുല്പന്നങ്ങളുടെയും ഗുണനിലവാര പരിശോധന നടത്തുന്നുണ്ട്. ഈ വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന രണ്ട് മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലാബുകളുടെ സേവനവും ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നു വരുന്ന പാലും, പാലുല്പന്നങ്ങളും ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കൾ പരിശോധിക്കുന്നതിനായി ഉപയോഗിക്കുന്നുണ്ട്.

(ബി) 2016 മെയ് മുതൽ 2017 ജൂൺ വരെ ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുണ്ടെന്നും ആരെയെല്ലാം ശിക്ഷിച്ചുവെന്നും വ്യക്തമാക്കാമോ ?

(ബി) 2011-ലെ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി പാലുൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളുടെ ഗുണനിലവാരം പരിശോധിച്ച് കേസ് രജിസ്റ്റർ ചെയ്യുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്.

തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം തൃശ്ശൂർ, പാലക്കാട്, വയനാട് എന്നീ ജില്ലകളിൽ ഗുണനിലവാരം കുറഞ്ഞ പാൽ വിതരണം ചെയ്തതായി പ്രസ്തുത വകുപ്പ് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ മായം കലർന്നതോ മനുഷ്യ ശരീരത്തിൽ

ഹാനികരമായതോ ആയ പാലുകൾ പരിശോധനയിൽ കണ്ടെത്തിയിട്ടില്ല. എന്നാൽ ഗുണനിലവാരമില്ലെന്ന ഫുഡ് അനലിസ്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഒരു കേസും, തൃശ്ശൂർ ജില്ലയിൽ രണ്ട് കേസുകളും പത്തനംതിട്ടയിൽ ഒരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ആമ്പാടി പശുവിൻപാൽ, ഹൈടെക് ഡയറി മിൽക്ക്, അക്ഷയ് മിൽക്ക്, വരളൂർ മിൽക്ക് സൊസൈറ്റി, ജി.എസ്.എം പാല, നാഞ്ചിൽ മിൽക്ക്, സോഫീയ രാജാ മിൽക്ക് ഫാം, ഐ ഡി.മിൽക്ക് കോവളം, തിരുമല മിൽക്ക്, ഏറനാട് കൗ മിൽക്ക് , റിച്ച് ഡയറി അണ്ണനാട്, ആർ.കെ.ബി ഫുഡ് പ്രോഡക്ട്സ്, ജി.എസ് എം ഡയറി പള്ളിയാർ, ഏറനാട് പശുവിൻ പാൽ എന്നീ കമ്പനികളുടെ പാലുകളുടെ സാമ്പിളുകൾ പരിശോധിച്ചപ്പോൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ടി സ്ഥാപനങ്ങൾക്കെതിരെ കേസ്സുകൾ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ഭക്ഷ്യസുരക്ഷാ വകുപ്പ് സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ എറണാകുളത്ത് വിതരണം ചെയ്തിരുന്ന ഗോകുലം ഡയറിയുടെ (ഗോകുലംഡയറി, അഖിലാണ്ടപുരം, പൊള്ളാച്ചി) പാൽ പാക്കറ്റ് സാമ്പിൾ എടുത്ത് പരിശോധന നടത്തിയപ്പോൾ ഗുണനിലവാരം ഇല്ലാത്തതാണെന്ന് കണ്ടെത്തുകയും ടി സ്ഥാപനത്തിനെതിരെ 50,000 രൂപ പിഴ ചുമത്തി ശിക്ഷിച്ചിട്ടുമുണ്ട്.

സെക്ഷൻ ഓഫീസർ.